പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2346 | 18/02/2016 ൽ മറുപടിക്ക്

## അട്ടപ്പാടി, നല്ലൂർനാട് മേഖലയിലെ ആശുപത്രികളുടെ ശോചനീയാവസ്ഥ

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് സ്പെഷ്യാലിറ്റി ആശുപത്രികളാക്കി സേവനം ലഭ്യമാക്കിയ അട്ടപ്പാടി, നല്ലൂർനാട് ആശുപത്രികളുടെ ഇന്നത്തെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ 2007 ൽ ആരംഭിച്ച ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചു വരികയാണ്. 2013 ൽ ഇവിടെ 75 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ഇപ്പോൾ ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോ, അനസ്തേഷ്യ, ഇ.എൻ.ടി., സൈക്യാട്രി, ഡെന്റൽ, സർജറി തുടങ്ങിയ ഡിപ്പാർട്ട്മെന്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ 24 മണിക്കൂർ പ്രവർത്തിക്കുന്ന ക്യാഷ്വാലിറ്റി, ലേബർ റൂം, ഓപ്പറേഷൻ തീയറ്റർ, ഐ.സി.യു., പീഡിയാട്രിക്സ് എസ്.എൻ.സി.യു., ലാബ്, ഇ.സി.ജി., എക്സ്റേ തുടങ്ങിയവയും പ്രവർത്തിക്കുന്നു. പ്രതിദിനം ശരാശരി 120 രോഗികൾ ഐ.പി. വിഭാഗത്തിലും 600 പേർ ഒ.പി. വിഭാഗത്തിലും ഈ ആശുപത്രിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.<br><br>നല്ലൂർനാട് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അഞ്ച് ഡോക്ടർമാരുടെ തസ്തിക ഉള്ളതിൽ നാല് പേർ ജോലി ചെയ്യുന്നുണ്ട്. ഒരു ഡോക്ടറുടെ ഒഴിവുണ്ട്. ഈ ആശുപത്രിയെ 2013 മുതൽ ക്യാൻസർ കീമോതെറാപ്പി & |
| (ബി) | എങ്കിൽ അട്ടപ്പാടി, നല്ലൂർനാട് മേഖലയിലെ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | റേഡിയേഷൻ യൂണിറ്റായി ഉയർത്തിയിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം ഒരു റേഡിയോ തെറാപ്പി ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ 2013 മുതൽ 2015 നവംബർ വരെ 622 പേർക്ക് കീമോതെറാപ്പി ചികിത്സ നൽകിയിട്ടുണ്ട്. |
| (സി) | ഇതോടൊപ്പം പ്രവർത്തനമാരംഭിച്ച ട്രൈബൽ ഹെൽത്ത് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നിർജ്ജീവമായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (സി) | അട്ടപ്പാടി മേഖലയിൽ ആരോഗ്യവകുപ്പ് നേരിട്ട് നടത്തുന്ന രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് പുറമെ എൻ.എച്ച്.എം. മുഖേന മൂന്ന് യൂണിറ്റുകൾ കൂടി സജീവമായി പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിൽ ആരോഗ്യവകുപ്പ് നേരിട്ട് നടത്തുന്ന അഞ്ച് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് പുറമെ രണ്ട് യൂണിറ്റുകൾ എൻ.എച്ച്.എം. മുഖേനയും നടത്തിവരുന്നു. ഇവ കൃത്യമായ ഇടവേളകളിൽ ആദിവാസി ഊര് സന്ദർശിക്കുകയും ആവശ്യമായ പരിശോധനകളും ചികിത്സയും സൗജന്യമായി ലഭ്യമാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ